**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3142** **04-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിലെ മജിസ്ട്രേറ്റ് കോടതി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് കോടതിയായി ഉയർത്തിയത് എന്നാണെന്ന് അറിയിക്കാമോ; മുൻസിഫ് കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (എ) | നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി സർക്കാർ പരിവർത്തനം ചെയ്തത് 2013 ലാണ്. നിലവിൽ മഞ്ചേരി മുൻസിഫ് കോടതിയിലാണ് നിലമ്പൂർ താലൂക്കിലെ സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്നത്. |
| (ബി) | മുൻസിഫ് കോടതി അനുവദിച്ച് ഉത്തരവായി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിലമ്പൂർ താലൂക്കിൽ നിന്നുള്ള സിവിൽ കേസുകൾ ഇപ്പോൾ ഏത് കോടതിയാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി സർക്കാർ പരിവർത്തനം ചെയ്തത് 2013 ലാണ്. നിലവിൽ മഞ്ചേരി മുൻസിഫ് കോടതിയിലാണ് നിലമ്പൂർ താലൂക്കിലെ സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്നത്. |
| (സി) | മുൻസിഫ് കോടതി സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടായിട്ടും എസ്റ്റിമേറ്റോ വിശദമായ പദ്ധതി രേഖയോ (ഡി.പി.ആർ.) ഇതുവരെയും തയ്യാറാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി ഏത് സർക്കാർ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും ഡി.പി.ആർ ഉം തയ്യാറാക്കി തരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | 2020-21, 2021-22 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികളിൽ നിലമ്പൂരിൽ കോടതി സമുച്ചയം എന്ന പ്രവൃത്തിക്ക് ഹെഡിൽ 100 രൂപ ടോക്കൺ അനുവദിച്ചിരുന്നോ; കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഏതു വകുപ്പാണ് ഭരണാനുമതി ലഭ്യമാക്കേണ്ടതെന്നും അറിയിക്കാമോ? | (ഡി) | 2020-21, 2021-22 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ 100 രൂപ ടോക്കൺ അനുവദിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പാണ് നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ